**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6165** **17-03-2023 - ൽ മറുപടിയ്ക്ക്**

**കയർ വ്യവസായ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ വ്യവസായത്തിന്റെ സംരക്ഷണം ലക്ഷ്യമാക്കി കരവിരുതിലും വൈവിദ്ധ്യത്തിലും പ്രാമുഖ്യം നൽകിക്കൊണ്ട് എന്തെല്ലാം പദ്ധതികളാണ് ഈ മേഖലയിൽ നടത്തി വരുന്നതെന്ന് വിശദമാക്കാമോ? | (എ) | കയർ വ്യവസായത്തിന്റെ സംരക്ഷണം ലക്ഷ്യമാക്കി തൊഴിലാളികളുടെ കരവിരുതിലും വൈവിദ്ധ്യത്തിലും പ്രാമുഖ്യം നൽകുന്നതിനായി എൻ.സി.ആർ.എം.ഐ ഇ-റാട്ട് ഉപയോഗിച്ച് വിവിധയിനം കയറുകൾ പിരിക്കുന്നതിനുള്ള പരിശീലന പരിപാടികൾ നല്കി വരുന്നു. ഈ വർഷം വിവിധ കയർ സഹകരണ സംഘങ്ങളിലെ 1940-ഓളം സ്ത്രീ തൊഴിലാളികൾക്ക് മുപ്പത് ദിവസം നീണ്ടു നിൽക്കുന്ന പരിശീലനം അതാത് സംഘങ്ങളിൽ വച്ച് നടത്തുവാൻ സാധിച്ചിട്ടുണ്ട്. ഇ-റാട്ടിൽ ഉല്പാദിപ്പിക്കുന്ന കയറിൽ നിന്നും നിർമ്മിക്കുന്ന കയറുല്പന്നങ്ങൾക്ക് വലിയ തോതിലുള്ള സ്വീകാര്യതയാണ് ലഭിച്ചുവരുന്നത്. ഇതു കൂടാതെ വിവിധയിനം ഫ്രെയിം മാറ്റ്സുകൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നത് പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ